പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4402

28.06.2012- ലെ മറുപടിക്ക്

## കയർ കേരള പദ്ധതി വഴി കയറ്റുമതി നടത്തിയ കയറുല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)2011 ലെ 'കയർ കേരള' വഴി എത്ര കോടി രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചിരുന്നുവെന്നും ഇത് ഏതൊക്കെ സ്ഥാപനങ്ങൾക്കായിരുന്നുവെന്നും അറിയിക്കാമോ; | (എ) 2011- ലെ കയർ കേരള വഴി ആലപ്പുഴ ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന് 27 ലക്ഷം രൂപയുടെയും, കയർഫെഡിന് ഒരു കോടി രൂപയുടെയും വിദേശ ഓർഡറുകൾ ലഭിച്ചിരുന്നു. |
| (ബി) ഇതിൽ എത്ര തുകയുടെ ഉല്പന്നങ്ങൾ ഓരോ സ്ഥാപനവും കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ; | (ബി) കയർഫെഡ് 17.5 ലക്ഷം രൂപയുടെയും, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് 27 ലക്ഷം രൂപയുടെയും ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തു. |
| (സി)2012-ലെ 'കയർ കേരള' വഴി പുതുതായി എത്ര കോടി രൂപയുടെ വിദേശ ഓർഡർ ലഭിച്ചുവെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക ലഭിച്ചുവെന്നും അറിയിക്കാമോ; | (സി) 2012-ലെ 'കയർ കേരള' വഴി കയർ കോർപ്പറേഷന് 50 ലക്ഷം രൂപയു ടെയും, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന് 21.5 ലക്ഷം രൂപയു ടെയും, കയർഫെഡിന് 1 കോടി രൂപയു ടെയും ഓർഡറുകൾ ലഭിച്ചിരുന്നു. |
| (ഡി)ലഭിച്ച ഓർഡറുകളിൽ ഓരോ സ്ഥാപനവും ഇതുവരെ എത്ര തുകയ്ക്കുള്ള കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ? | (ഡി) 2012-ലെ 'കയർ കേരള' വഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 50 ലക്ഷം രൂപയുടെ കയറുല്പന്നങ്ങളുടെ ഓർഡർ ലഭിയ്ക്കുകയും 30 ലക്ഷം രൂപയുടെ ഉത്പ്പന്നങ്ങൾ കയറ്റി അയയ്ക്കുകയും ചെയ്തു. ആലപ്പുഴ ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന് 21.5 ലക്ഷം രൂപയ്ക്കുള്ള വിദേശ ഓർഡർ ലഭിയ്ക്കു ക യും അത്രയും രൂപയ്ക്കുള്ള ഉത്പന്നങ്ങൾ കയറ്റുമതി നട ത്തുകയും ചെയ്തു. കയർഫെഡിന് 1 കോടി രൂപയുടെ ഓർഡർ ലഭിച്ചതിൽ 48.5 ലക്ഷം രൂപയ്ക്കുള്ള ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. |

സെക്ഷൻ ഓഫീസർ